വിശേഷാൽ പതിപ്പ്

ലക്കം 32

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

For Private Circulation only

## കോവിഡ് –19 ന്റെ നടുവിലും അചഞ്ചലമായത്

2019 നവംബറിൽ ചൈനയിലെ വുഹാൻ എന്ന സ്ഥലത്താണ് കൊറോണ വൈറസ് ആദ്യമായി പുറപ്പെട്ടുവന്നത്. ആ സമയം മുതൽ ഈ വൈറസ് ഭൂതലം മുഴുവനുമുള്ള ആളുകൾക്ക് ഒരു ബാധയായി അതിവേഗം പടർന്നു വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ഇതെഴുതികൊണ്ടിരിക്കുമ്പോൾപോലും നുറായിരം ജനങ്ങൾ പരിശോധനയിലും ആയിരത്തിൽപ്പരം ആളുകൾ മരിക്കുകയും ചെയ്തിരിക്കുകയാണ്. വൈറസ് ബാധയേൽക്കുന്ന പുതിയ കേസുകൾ ദിനംതോറും വർദ്ധിക്കുകയും മരണസംഖ്യ ഉയരുകയും ചെയ്യുന്നു.

വൈറസ് ബാധയുടെ സമൂഹവ്യാപനം തടയുക എന്ന ലക്ഷ്യത്തോടെ ഗവൺമെന്റും അവരുടെ ചുമതലപ്പെട്ടവരും ലോക്ക് ഡൗൺ പ്രഖ്യാപിക്കുകയും പൊതുവായ സമ്മേളനങ്ങൾ

### കൊറോണ തടയുവാൻ ചെയ്യേണ്ട



### അഞ്ച് കാര്യങ്ങൾ

1. **കൈകൾ** : കൂടെ കൂടെ കഴുകുക
2. **കൈമുട്ട്** : ചുമയ്ക്കുമ്പോൾ അതിലേക്ക്
3. **മുഖം** : സ്പർശിക്കരുത്
4. **അകലം** : കൃത്യമായി പാലിക്കുക
5. **ഭവനം** : കഴിവതും വീട്ടിൽ ഇരിക്കുക.

നിരോധിക്കുകയും ചെയ്തു. ഭക്ഷ്യസാധനങ്ങൾ വാങ്ങുവാനോ അല്ലെങ്കിൽ മറ്റെന്തെങ്കിലും അത്യാവശ്യത്തിനോ ഒഴികെ ആരും പുറത്തിറങ്ങരുതെന്ന നിർദ്ദേശം പല നാടുകളും സ്വീകരിച്ചു കഴിഞ്ഞു. ജനങ്ങളുടെ ജീവനസന്ധാരണത്തിന് കാരണമായിരുന്ന വഴികൾ അടഞ്ഞു. പലരുടെയും തൊഴിൽ നഷ്ടമായി, ലോക സമ്പദ്‌വ്യവസ്ഥ തന്നെ തകരാറിലായി. സാമൂഹ്യ ബന്ധങ്ങൾ വിച്ഛേദിക്കപ്പെട്ടു. മിക്കവാറും എല്ലാ പണികളും അടയ്ക്കപ്പെടുവാൻ സർക്കാർ ഉത്തരവിറക്കുകയും ചെയ്തു. പല വഴികളും അടഞ്ഞു. അനേകരുടെ ജീവിതം വഴിമുട്ടി. പല ചോദ്യങ്ങൾ ഉയർന്നു വന്ന സമയമായിരുന്നു അത്. ഒപ്പം ഭയത്തിന്റെയും ഭീതിയുടെയും നിമിഷങ്ങൾ.




പലവിധമായ വൈഷമ്യങ്ങൾ മൂലം ജീവിതം തന്നെ ബുദ്ധിമുട്ടിലായിരിക്കുകയാണിന്ന് പെട്ടെന്നുണ്ടായ നിയന്ത്രണങ്ങളും മറ്റും ജനജീവിതത്തെ തന്നെ സ്തംഭിപ്പിച്ചു എന്നു പറയാം. മരണം, ആരോഗ്യം, ആരാധന, സാമൂഹ്യബന്ധങ്ങൾ, ജോലി, വിരമിക്കൽ, ഭക്ഷണം കുടിവെള്ളംപോലും ആകെ തകിടം മറിച്ച ഒരനുഭവമായിരുന്നു.

മാറ്റങ്ങൾ നമ്മുടെ ജീവിതത്തിന്റെ തന്നെ ഭാഗമാണ്. എന്നാൽ എല്ലാവിധ പ്രശ്നങ്ങൾ യാഥാർത്ഥ്യങ്ങളായി തുടരുമ്പോൾ ഒരു കാര്യത്തിൽ ഒരുമാറ്റവുമില്ല – ദൈവം. “യഹോവയായ ഞാൻ മാറാത്തവൻ” (മലാഖി 3:6). അവന്റെ സ്നേഹവും കരുതലും ഒരിക്കലും മാറുന്നതല്ല. കഷ്ടങ്ങളിൽ അവൻ ഒരു സങ്കേതവും വിശക്കുന്ന നാളിൽ അവൻ ആഹാരമേകുന്നവനുമത്രേ. കഷ്ടത്തിന്റെ നാളുകളിൽ പലരും ഭീതിയോടെ പരിഭ്രാന്തരാകുകയും പ്രത്യാശ ഇല്ലാതെ പതറുന്നവരുമത്രേ. എന്നാൽ പ്രിയ ദൈവപൈതലേ നീ പതറേണ്ട കാര്യമില്ല. എന്തെന്നാൽ നാം ഇവിടെ അന്യരും പരദേശികളും ആകുന്നു. ആത്മീയ ജയത്തോടെ നമ്മെ നടത്തുന്ന നമ്മുടെ കർത്താവിൽ ദിനംതോറും ആശ്രയിക്കാം.

പാട്ടുകാരൻ പാടുന്നതുപോലെ “എന്റെ ദൈവത്താൽ എല്ലാം സാധ്യം”. - MWS


നല്ല പൗരത്വം 2
പത്രാധിപലേഖനം 3
ദൈവീക വാഗ്ദത്തത്തിൽ ആശ്വസിച്ചുകൊൾക : ലോക വ്യാപിയായ മഹാമാരിയെക്കുറിച്ച്: ഇതുപോലുള്ള സന്ദർഭത്തിൽ 4
ഉണരുക, പ്രാർത്ഥിക്കുക. 5
നമ്മുടെ വിശ്വാസം എവിടെ?
പ്രയാസകരമായ അനുഭവം 6
മാഗോർ മിസ്സാബീബ് സർവ്വത്ര ഭീതി :
ഭൂമിയുടെ ഉപ്പ് 7
അകലം / അടുപ്പം
ചുരുട്ടിയ വസ്ത്രം 8

# ബൈബിൾ
## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16–17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37–40, യോഹ. 14: 21–23,
1 യോഹ. 4: 7–11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3–7, 2 കൊരി. 5: 17,
റോമർ 6 : 1–4, എഫെ. 2: 1, 5–6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8–9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73–75, എബ്രാ. 12:14,
1 പത്രൊ. 1: 15–16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20–21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4–7, എഫെ. 4: 4–6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20–23, ഗലാ. 3: 28,
വെളി. 18: 2–4

**ചട്ടങ്ങൾ**
മത്താ. 28: 19–20, 26: 26–30, 1 കൊരി. 11: 23–27,
യോഹ. 13: 14–17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4–5,
യാക്കോബ് 5: 13–16

**വിവാഹശുശ്രൂഷ**
മത്താ. 19: 5–6, ലൂക്കോ. 16: 18,
റോമർ 7: 2–3, 1 കൊരി. 7: 10–11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9–10, 1 കൊരി. 11: 14–15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7–12, യോഹ. 5: 28–29,
2 കൊരി. 5: 10, മത്താ. 25: 31–46

**സാമാധാനവാദം:**
ലൂക്കോസ് 6: 27–29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23–24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

# നല്ല പൗരത്വത്തിന്റെ ദൈവീക മാതൃക

കൊറോണാ വൈറസിന്റെ സാമൂഹ്യ വ്യാപനം തടയുക എന്ന ലക്ഷ്യപ്രാപ്തിക്കു വേണ്ടി പല രാജ്യങ്ങളിലും ഗവൺമെന്റ് സാമൂഹ്യ അകലം പാലിക്കുവാനും ഒത്തുചേരൽ നിരോധിക്കുകയും ചെയ്തിരിക്കുകയാണ്. ക്രിസ്ത്യാനികളായ നമുക്കും പലവിധ ചോദ്യങ്ങളും തർക്കങ്ങളും ഈ വിഷയം സംബന്ധിച്ചുയരുക സ്വാഭാവികമാണ്. കാരണം സർക്കാർ നിർദ്ദേശിക്കുന്നതനുസരിച്ച് നമ്മുടെ കൂടിവരവുകൾ ഉപേക്ഷിക്കണമോ? നമ്മുടെ ആരാധനാലയങ്ങൾ അടച്ചിടണമോ? എന്നിത്യാദി ചോദ്യങ്ങളും സംശയങ്ങളും വിവിധ കോണുകളിൽ നിന്നും ഉയരുന്നത് സാധാരണമാണ്. ഗവൺമെന്റ് അധികാരികൾ നാം അനുസരിച്ചാൽ, നാം എന്ത് സന്ദേശമാണ് ദൈവസഭ എന്ന നിലയിൽ സമൂഹത്തിന് കൊടുക്കുക? നാം ദൈവത്തിന് പ്രസാദമുള്ളവരോ ലോകരെ പ്രസാധിപ്പിക്കുന്നവരോ?.

ഈ നാമത്തെക്കുറിച്ച് നിങ്ങൾ ഇനി പ്രസംഗിക്കരുത് എന്ന വിലക്ക് പത്രൊസിന് ഉണ്ടായപ്പോൾ താൻ പ്രതികരിച്ചത് “ദൈവത്തെക്കാൾ അധികം മനുഷ്യരെ അനുസരിക്കുന്നതെങ്ങനെ?” (അപ്പൊ. 5: 29) എന്ന് അധികാരികളോട് ചോദിച്ചതും ഈ അവസരത്തിൽ പ്രസക്തമാണ്. എബ്രായർ 10:25ൽ “ഉത്സഹാം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക” എന്നും കാണുന്നു. എന്നാൽ യേശു തന്റെ ശുശ്രൂഷ കാലയളവിൽ സർക്കാരിന്റെ ചട്ടങ്ങളെയും മറ്റും നാം അനുസരിക്കുവാൻ ഓർപ്പിച്ചിട്ടുള്ളതും ശ്രദ്ധേയം തന്നെ. അപ്പൊസ്തലനായ പൗലൊസ് റോമർ 13:1‑ൽ “ഏതു മനുഷ്യനും ശ്രേഷ്ടാധികാരങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താൽ അല്ലാതെ ഒരു അധികാരവും ഇല്ലല്ലോ; ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു” എന്ന് വ്യക്തമാക്കിയിട്ടുള്ളത് നാം മനസ്സിലാക്കുക.

വ്യക്തിപരമായി നാം യോജിച്ചാലും ഇല്ലെങ്കിലും ശ്രേഷ്ഠ അധികാരങ്ങളോട് കീഴ്പ്പെടുവാനാണ് നമ്മുടെ വചനം അനുശാസിച്ചിട്ടുള്ളത്. ക്രിസ്തുവിനെ പ്രസംഗിക്കരുതെന്ന് കല്പിച്ചാൽ അത് നമുക്ക് അംഗീകരിപ്പാനാവില്ല. എന്നാൽ ഇന്നത്തെ പ്രത്യേക സാഹചര്യം ഉൾകൊള്ളുവാനും കൊറോണാ വൈറസിന്റെ വ്യാപനം തടയുവാനും തത്ക്കാലത്തേക്ക് കുറച്ചുനാൾ ആലയം അടച്ചിട്ട് സഹകരിക്കുവാൻ ആവശ്യപ്പെടുന്നത് നാം മനസ്സിലാക്കേണ്ടതുണ്ട്.

ഇന്നത്തെ സാചര്യം മനസ്സിലാക്കി, സമൂഹ്യ ഉത്തരവാദിത്വം നിറവേറ്റുവാൻ വിശ്വാസികൾ എന്ന നിലയിൽ നാം കടപ്പെട്ടവരാണ് 1 പത്രോ. 2:13‑17 വരെയുള്ള വേദഭാഗത്ത് പത്രൊസ് പ്രസ്തുത വിഷയം വളരെ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു.
“സകല മാനുഷീക നിയമത്തിനും കർത്താവിൻ നിമിത്തം കീഴടങ്ങുവീൻ. ശ്രേഷ്ഠാധികാരി എന്നുവെച്ചു നാടുവാഴികൾക്കും കീഴടങ്ങുവീൻ.. നിങ്ങൾ നന്മചെയ്തുകൊണ്ട് ബുദ്ധിയില്ലാത്ത മനുഷ്യരുടെ ഭോഷത്വം മിണ്ടാതാക്കണം എന്നുള്ളത് ദൈവേഷ്ടമാകുന്നു. സ്വതന്ത്രനായ നാം “നമ്മുടെ സ്വാതന്ത്ര്യം ദുഷ്ടതയ്ക്ക് മറയാക്കാതെ, ദൈവത്തിന് ദാസന്മാരായിരിപ്പീൻ”. എല്ലാ മനുഷ്യരെയും ബഹുമാനിക്ക, സഹോദരവർഗ്ഗത്തെ സ്നേഹിപ്പീൻ. ദൈവത്തെ ഭയപ്പെട്ടുകൊണ്ട് നാടുവാഴികൾക്ക് കീഴ്പ്പെടുന്നവരുമായിരിപ്പീൻ”.

- MWS

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www. thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ‑ മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്

# പത്രാധിപലേഖനം (വിശേഷാൽ പതിപ്പ്)



*ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ, സങ്കടമോ, ഉപദ്രവമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ?.... നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം പൂർണ്ണ ജയം പ്രാപിക്കുന്നു. മരണത്തിനോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിനോ ആഴത്തിനോ മറ്റുയാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുവിന്റെ ദൈവത്തിൽ നിന്നും വേർപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു. – റോമർ 8: 35–39.*

ക്രിസ്തു യേശുവിന്റെ സ്നേഹത്തിൽ നിന്നും നമ്മെ വേർപിരിപ്പാൻ കഴികയില്ല എന്ന ഉറപ്പും ധൈര്യവും എത്ര ആശ്വാസമാണ് നമുക്ക് പ്രദാനം ചെയ്യുന്നത്. പ്രയാസങ്ങൾ നേരിട്ടെന്ന് വരാമെങ്കിലും യാതൊരു ശക്തിക്കോ വൈറസിനോ തൊഴിൽ നഷ്ടമോ എന്തു വന്നാലും അതൊന്നും തന്നെ നമ്മെ യേശുവിൻ സ്നേഹത്തിൽ നിന്നും വേർപിരിക്കുന്നതല്ല. ക്രിസ്തുവിൽ വിശ്വസ്തരായി ജീവിക്കുന്ന ദൈവമക്കൾക്ക് യാതൊന്നിനെയും ഭയപ്പെടേണ്ട ആവശ്യമില്ല.

ഗോസ്പൽ ട്രൂത്തിന്റെ ഒരു പ്രത്യേക പതിപ്പായി ഇത്തവണത്തെ സാമൂഹ്യ പ്രശ്നങ്ങളിലുള്ള ദൈവീക കരുതലിനെ സംബന്ധിച്ച് എഴുതുവാനാണ് ദൈവം എന്നെ പ്രേരിപ്പിക്കുന്നത്. കോവിഡ്–19 എന്ന മഹാരോഗത്തിൽ ആശങ്ക ഉണർത്തി ഈ ലോകർ മുഴുവനും ഭീതിയിലാണല്ലോ. ദൈവാശ്രയത്തിലുള്ള ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം ഈ ഭീതിയും ആശങ്കയും സംശയങ്ങളും ബാധിക്കുന്ന വിഷയമേയല്ല. ലോകമെമ്പാടുമുള്ള ജനം ഭയത്തിൽ കഴിയുമ്പോൾ ദൈവസഭയിലുള്ള ശുശ്രൂഷകരെയും വിശ്വാസസമൂഹത്തെയും ദൈവവചനത്തിൽ ഉറപ്പിക്കുവാനും ദൈവീക പദ്ധതിയുടെ കരുതൽ ഓർപ്പിച്ചുണർത്താനുമാണ് ഇത്തവണ ഈ പ്രത്യേക പംക്തിയിലൂടെ ഞാൻ ഉദ്ദേശിക്കുന്നത്.

ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഈ ലോക ജനങ്ങൾ പരിഭ്രാന്തിയിൽ കഴിയുമ്പോൾ ദൈവത്തെ അറിഞ്ഞ് ജീവിക്കുന്ന ദൈവമക്കളെ ക്രിസ്തുവിൽ നമുക്കുള്ള പ്രത്യാശയും ധൈര്യവും ഓർപ്പിച്ചുണർത്തുന്നതിൽ എനിക്ക അതിയായ സന്തോഷമുണ്ട്. പ്രശ്ന കലുഷിതമായ ഈ കാലത്ത് ജീവനോ മരണമോ ഏതായാലും ദൈവനാമ മഹത്വത്തിനായിരിക്കട്ടെ എന്നത്രേ നമ്മുടെ നിലപാട്. രക്ഷിക്കപ്പെട്ടിട്ടില്ലാത്തവർക്ക് അതിന് നല്ല ഒരു അവസരമാണിത്. നിങ്ങൾ ആകുലരോ വ്യാകുലതയുള്ളവരോ ആണെങ്കിൽ ദൈവം നിങ്ങളെ സ്നേഹിക്കുന്നുവെന്നറിക. ജീവിതത്തിൽ വരുന്ന പ്രശ്നകലുഷിതമായ സാഹചര്യങ്ങളെ ശാന്തമാക്കുവാൻ.

പലവിധമായ പീഡനങ്ങളും പ്രശ്നപ്രതിസന്ധികളുംഇന്ന് നമുക്ക് അഭിമുഖീകരിക്കുവാനുണ്ട്. ഈ അനർത്ഥങ്ങൾ നന്മക്കായി മാറുവാനും ആത്മീയ ഉണർവ്വിനു കാരണമായിത്തീരുവാനും നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം.

നമ്മുടെ കർത്താവിന്റെ വരവ് സമീപിച്ചിരിക്കയാൽ നമുക്ക് അന്യോന്യം പ്രാർത്ഥിക്കാം. പ്രതികൂല സാഹചര്യങ്ങളിൽ തളർന്നു പോകാതെ കർത്താവിന്റെ വിശ്വസ്ത പടയാളികളായി അചഞ്ചലരായി മുന്നേറാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ, പ്രാർത്ഥനാപൂർവ്വം

മൈക്കിൾ ഡബ്ല്യു സ്മിത്ത്.

ഇന്റർനെറ്റിൽ കൂടുതൽ വായിക്കാം.

www.thegospeltruth.org



"ആകാശത്തിലെ പറവകളെ നോക്കുവിൻ; അവ വിതെയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവയ്ക്കുന്നതുമില്ല; എങ്കിലും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് അവയെ പുലർത്തുന്നു; അവയെക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ളവരല്ലയോ?" മത്തായി 6:26.

# ലോകവ്യാപിയായ മഹാമാരിയെകുറിച്ച്:

## സഹോ. ചിൻവെൻടു നവചുക്കു (നൈജീരിയാ)



തികച്ചും ആകസ്മികമായി പൊട്ടിപുറപ്പെട്ട ഈ മരണകരമായ രോഗം കർത്താവിന്റെ കരുണയില്ലായെങ്കിൽ അനേകരെ മരണക്കയത്തിലേക്ക് തള്ളിവിടും.

ഇത്തരത്തിലുള്ള അവസരത്ത് ദൈവമക്കളായ നാം പ്രാർത്ഥനാ നിരതനാകുവാൻ ദൈവം ആഗ്രഹിക്കുന്നു. ഈ രോഗത്തെകുറിച്ച് പലരും പലവിധമായ നിഗമനങ്ങളാണ് നടത്തുന്നത്. യാദൃശ്ചികമായി സംഭവിച്ചതെന്നും മനുഷ്യനിർമ്മിതമെന്നും മറ്റു ചിലരും അഭിപ്രായപ്പെടുമ്പോൾ ഓർക്കുക, ദൈവം അനുവദിക്കാതെ ഒന്നും സംഭവിക്കുന്നില്ല. വൈറസ് ലോകവ്യാപകമായി തീർന്ന സന്ദർഭത്തിൽ രണ്ടാഴ്ച മുമ്പ് ഞാൻ വായിച്ച വേദഭാഗം യെഹെസ്ക്കേൽ 14: 12-20 ഓർക്കുന്നു.

“യഹോവയുടെ അരുളപ്പാട് എനിക്ക് ഉണ്ടായതെന്തെന്നാൽ, മനുഷ്യപുത്രാ ഒരു ദേശം എന്നോട് ദ്രോഹിച്ചു പാപം ചെയ്യുമ്പോൾ ഞാൻ അതിന്റെ നേരെ കൈ നീട്ടി അപ്പം എന്ന കോൽ ഒടിച്ചു, ക്ഷാമം വരുത്തി, മനുഷ്യനേയും മൃഗങ്ങളെയും അതിൽ നിന്ന് ഛേദിച്ചുകളയും. നോഹ, ദാനിയേൽ, ഇയ്യോബ് എന്നീ മൂന്നു പുരുഷന്മാർ അതിൽ ഉണ്ടായിരുന്നാലും അവർ തങ്ങളുടെ നീതിയാൽ സ്വന്തജീവനെ മാത്രമേ രക്ഷിക്കയുള്ളൂ എന്ന് യഹോവയായ കർത്താവിന്റെ അരുളപ്പാട്”.

ദൈവത്തിൽ നിന്നും കരുണ യാചിക്കുവാനുള്ള ഹൃദയഭാരം നമുക്കുണ്ടാകട്ടെ. വൈറസിന്റെ ദ്രുദഗതിയിലുള്ള വ്യാപനം മനുഷ്യന്റെ ക്ഷണികമായ അവസ്ഥയെയും അവന്റെ പരിമിതികളെയുമാണ് വ്യക്തമാക്കുന്നത്. പ്രസ്തുത വൈറസ് ബാധ ഒരുപക്ഷേ അനേകരുടെ ഭീതിക്കും ആശങ്കയ്ക്കും ഹൃദയാഘാതങ്ങൾക്കുമെല്ലാം കാരണമായേക്കാമെങ്കിലും അനേകരുടെ ഹൃദയദൃഷ്ടി പ്രകാശിക്കുവാനും സൃഷ്ടാവിനെ കണ്ടുമുട്ടുവാനുമുള്ള അവസരമായിത്തീരുവാനും നമുക്ക് പ്രാർത്ഥിക്കാം. ലൂക്കോസ് 21: 25-28 വരെയുള്ള വേദഭാഗത്തു കാണുന്നതുപോലെ ഇതു സംഭവിച്ചുതുടങ്ങുമ്പോൾ “നിങ്ങളുടെ വീണ്ടെടുപ്പ് അടുത്തുവരുന്നതുകൊണ്ട്” നിവർന്നു തലപൊക്കുവീൻ.

# വാഗ്ദത്തങ്ങളിൽ ആശ്വസിച്ചുകൊൾക

## സഹോ. വലറിഗ്ലാസ്സ് (ജർമ്മനി)



ലോകം മുഴുവനും നിരാശയിലും ദു:ഖത്തിലും പരിഭ്രാന്തിയിലും കഴിയുന്ന ഇത്തരുണത്തിൽ, കർത്താവിന്റെ വരവ് വരെ അവൻ തന്റെ മക്കളെ സൂക്ഷിക്കും.

“എന്റെ മാംസവും ഹൃദയവും ക്ഷയിച്ചുപോകും ദൈവം എന്നേക്കും എന്റെ ഹൃദയത്തിന്റെ പാറയും എന്റെ ഓഹരിയും ആകുന്നു. ഇതാ നിന്നോടു അകന്നിരിക്കുന്നവർ നശിച്ചുപോകും. നിന്നെ വിട്ടു പരസംഗം ചെയ്യുന്ന എല്ലാവരെയും നീ സംഹരിക്കും. എന്നാൽ ദൈവത്തോട് അടുത്തിരിക്കുന്നത് എനിക്ക് നല്ലത്. നിന്റെ സകല പ്രവൃത്തികളെയും വർണ്ണിക്കേണ്ടതിന് ഞാൻ യഹോവയായ കർത്താവിനെ എന്റെ സങ്കേതമാക്കിയിരിക്കുന്നു”. (സങ്കീ. 73: 26, 28)

ഇന്നത്തെ പ്രതികൂല സാഹചര്യങ്ങളിൽ ധാരാളം വാഗ്ദത്തങ്ങൾ നമുക്ക് 91-ാം സങ്കീർത്തനത്തിലൂടെ സ്വായത്തമാക്കാം. ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവർക്ക് ഈ വാഗ്ദത്തങ്ങളിൽ ആശ്രയിക്കാം. പ്രതിസന്ധിഘട്ടങ്ങളിൽ, കൊടുങ്കാറ്റിനാൽ ആടിയുലയുമ്പോൾ, നാശം വിതയ്ക്കുന്ന മഹാമാരിയുടെ നേരത്ത് നമുക്ക് സർവ്വശക്തന്റെ നിഴലിൽ ആശ്രയിക്കാം. അവന്റെ വാഗ്ദത്തിങ്കൽ നാം സുരക്ഷിതരാണ്.

“ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രെ. അതുകൊണ്ട് ഞങ്ങളാൽ ദൈവത്തിന് മഹത്വം ഉണ്ടാകുമാറ് അവനിൽ ആമേൻ എന്നും തന്നെ” (2 കൊരി. 1: 20).

സർവ്വ ബുദ്ധിയേയും കവിയുന്ന ദൈവത്തിന്റെ സമാധാനത്തിൽ കഴിയുന്നതെത്ര ആശ്വാസകരമാണ്. പ്രത്യേകിച്ച് ഈ പ്രതിസന്ധി ഘട്ടങ്ങളിൽ. അതോടൊപ്പം ദൈവീക വിടുതലിൻ ഗാനങ്ങൾ പാടി ആശ്വസിക്കുവാനും.

“നീ എനിക്ക് മറവിടമാകുന്നു നീ എന്നെ കഷ്ടത്തിൽ നിന്നും സൂക്ഷിക്കും. രക്ഷയുടെ ഉല്ലാസഘോഷം കൊണ്ട് എന്നെ ചുറ്റികൊള്ളും” (സങ്കീ. 32: 7).

ക്രിസ്തുവിൽ പ്രത്യാശ വച്ചിരിക്കുന്ന എല്ലാ സഹോദരീ സഹോദരന്മാരെയും ദൈവം അനുഗ്രഹിക്കുമാറാകട്ടെ. ഇത്തരത്തിലുള്ള ദുർഘടസമയത്തും നമുക്ക് ദൈവത്തെ ആരാധിക്കാം. ധൈര്യവും ഉറപ്പും നൽകി ദൈവം നമ്മെ പരിപാലിക്കട്ടെ.

“എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും. എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും” (ഹബക്കൂക്ക് 3:18).

# ഇതുപോലുള്ള സന്ദർഭത്തിൽ

## സഹോ. ബാർത്ത് നവചുക്കു (നൈജീരിയ)



“ഞാൻ എന്റെ കണ്ണ് പർവ്വതങ്ങളിലേക്ക് ഉയർത്തുന്നു. എനിക്ക് സഹായം എവിടെ നിന്ന് വരുന്നു. എന്റെ സഹായം ആകാശത്തെയും ഭൂമിയേയും ഉണ്ടാക്കിയ യഹോവയിൽ നിന്നും വരുന്നു. നിന്റെ കാൽ വഴുതുവാൻ അവൻ സമ്മതിക്കില്ല. നിന്നെ കാക്കുന്നവൻ മയങ്ങുകയില്ല ഉറങ്ങുകയില്ല” (സങ്കീ. 121: 1-3)

യിസ്രായേൽ മക്കൾ മരുഭൂമിയിലായിരുന്നപ്പോൾ ബാധയേറ്റ് അഗ്നിസർപ്പത്താൽ മരിച്ചുവീണ സന്ദർഭത്തിൽ അവർ ദൈവത്തോട് നിലവിളിച്ചു. യഹോവ മോശെയോട് “ഒരു അഗ്നിസർപ്പത്തെ ഉണ്ടാക്കി കൊടിമരത്തിൽ തൂക്കുക. കടിയേൽക്കുന്നവൻ ആരെങ്കിലും അതിനെ നോക്കിയാൽ ജീവിക്കും” എന്നു പറഞ്ഞു (സംഖ്യ 21:8). ഇതേ ഉദാഹരണം ചൂണ്ടിക്കാട്ടി യേശുകർത്താവ് നമ്മെ പ്രോത്സാഹിപ്പിക്കുന്നു. “മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനു തന്നെ” (യോഹ. 3: 14-15).

ഏതു സാഹചര്യത്തിലും നമ്മെ സ്നേഹിക്കുന്ന ഒരു ദൈവമുണ്ടെന്നുള്ള ഉറപ്പ് നമുക്കുണ്ട്. പുരുഷന്മാർ എല്ലായിടത്തും “വിശുദ്ധ കരങ്ങൾ ഉയർത്തി” പ്രാർത്ഥിക്കുമ്പോൾ ദൈവം മറുപടി നൽകുന്നു.

# ഉണരുക, പ്രാർത്ഥിക്കുക



### സഹോ. പീറ്റർ അക്വ്വിയോന (കെനിയ)

അടുത്ത ദിവസം എന്തു സംഭവിക്കും എന്ന് അറിയുവാൻ കഴിയാതെ കെനിയയിൽ എല്ലായിടത്തും ജനങ്ങൾ ഭീതിയിലാണ്. ഓരോ ദിവസവും സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്നു, എല്ലായിടത്തും ബാധിച്ച വ്യാധി തടയുവാനുള്ള ശ്രമത്തിൽ ആരാധനാലയങ്ങൾ പോലും പൂട്ടുന്നു. ധനവാനെയും ദരിദ്രനെയും മാനസാന്തരത്തിലേയ്ക്ക് കൊണ്ടുവരുവാൻ കർത്താവ് ഈ വൈറസ് ഉപയോഗിക്കുന്നു. ഈ സമയം ലോകം മുഴുവനുമുള്ള ദൈവത്തിന്റെ ജനം ഭയപ്പെടാതെ സാത്താനെ ശാസിക്കേണ്ടതിനായി ഉണർന്നു പ്രാർത്ഥിക്കുകയാണ് വേണ്ടത്. യേശുക്രിസ്തുവിന്റെ രക്തത്താൽ നാം സൗഖ്യമായിരിക്കുന്നു.

ആശ്വാസം പകരുന്ന ദൈവവചനത്തിലേയ്ക്ക് നമുക്ക് തിരിയാം. "നിന്റെ ദൈവമായ യഹോവ എന്ന ഞാൻ നിന്റെ വലം കൈ പിടിച്ചു നിന്നോട്; ഭയപ്പെടേണ്ട ഞാൻ നിന്നെ സഹായിക്കും എന്നു പറയുന്നു" (യെശയ്യാവ് 41:13). രോഗത്തിന്റെ ഭീഷണിയെ മരണമായാൽപോലും ദൈവീകമായ സൗഖ്യം ഉണ്ട്. അതുകൊണ്ട് ലോകത്തിലുള്ള വിശുദ്ധന്മാർക്കു വേണ്ടി പ്രാർത്ഥിക്കുവാനും ഉപവസിക്കുവാനും ദൈവസഭ സമയം വേർതിരിക്കുന്നു. ഈ വിപത്തിനുള്ള പരിഹാരം മുന്നമേ ദൈവം കരുതിയിട്ടുണ്ട്, അത് മാനവരാശിയ്ക്കുവേണ്ടി നൽകുവാൻ ദൈവം പൂർണ്ണ ഒരുക്കമാണ്. അതുകൊണ്ട് വിശുദ്ധന്മാർ ഭീതിയിൽ ജീവിക്കേണ്ടതില്ല.

അപ്പൊസ്തല പ്രവർത്തികൾ 27: 22 ൽ പൗലൊസിന്റെ കപ്പൽ യാത്രയിൽ ഈശാനമൂലൻ എന്ന കൊടുങ്കാറ്റ് അടിച്ചപ്പോൾ, "ധൈര്യത്തോടെ ഇരിക്കുവാൻ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു; കപ്പലിന് അല്ലാതെ നിങ്ങളുടെ ആരുടെയും പ്രാണന് ഹാനിവരുകയില്ല" എന്നാണ് പറഞ്ഞത്. ചില രാജ്യങ്ങളിൽ ജീവൻ നഷ്ടമായത് നാം അറിയുന്നു, എന്നാൽ മരണത്തിനു ശേഷവും കർത്താവിൽ ഒരു ജീവിതം ഉണ്ട്. വിശ്വാസികളായ സകലരുമേ ഇത് നമുക്ക് ഉണരുവാനുള്ള സമയമാണ്.... ഈ മഹാമാരിക്കെതിരെ യേശുവിന്റെ നാമത്തിൽ ഉണർന്നു പ്രാർത്ഥിക്കുക.

ദൈവം ലോകത്തെ അനുഗ്രഹിക്കട്ടെ, എല്ലാ വിശുദ്ധന്മാരെയും, സുവിശേഷ വേലയും അനുഗ്രഹിക്കട്ടെ. യേശുവിന്റെ നാമത്തിൽ നിങ്ങൾക്കായ് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമേൻ.

**"മഴ പെയ്യാതിരിക്കേണ്ടതിനു ഞാൻ ആകാശം അടക്കുകയോ ദേശത്തെ തിന്നു മുടിക്കേണ്ടതിനു വെട്ടുക്കിളിയോട് കല്പിക്കുകയോ എന്റെ ജനത്തിന്റെ ഇടയിൽ മഹാമാരി വരുത്തുകയോ ചെയ്താൽ, എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടുതിരിയുമെങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്ന് കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തികൊടുക്കും"**

**- 2 ദിനവൃത്താന്തം 7: 13-14.**

### സഹോ. ഷാഹ്സാദ് ബാബർ (പാക്കിസ്ഥാൻ)



പരിശുദ്ധാത്മാവ് എന്റെ ഹൃദയത്തിലേയ്ക്ക് 2 ദിനവൃത്താന്തം 7: 14-ാം വാക്യം നൽകി. ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യം ഈ വാക്യത്തിൽ ഉണ്ട്. ഇവ ശക്തിയേറിയ ആയുധമാണ്. ദൈവവചനത്തോട് നാം അനുസരണമുള്ളവരായിരിക്കുക, നാം ഭയപ്പെടേണ്ട ആവശ്യം ഇല്ല, പക്ഷേ വിശ്വസ്തരായിരിക്കുക.

യേശുവിന്റെ പരിശുദ്ധ രക്തത്താൽ നമ്മെ സംരക്ഷിക്കുവാനും സൂക്ഷിക്കുവാനും ഞങ്ങൾ പ്രാർത്ഥിക്കുന്നു. യേശുവിന്റെ നാമത്തിൽ കർത്താവ് നിങ്ങളെ സംരക്ഷിക്കട്ടെ ആമേൻ.
ദൈവസഭയിലെ സകല വിശുദ്ധന്മാർക്കും വന്ദനം.

### സഹോ. മാസ്റ്റർ ഗസ്റ്റർ (മാലവി)



കോവിഡ്-19 ബാധിച്ചിരിക്കുന്നതിനാൽ ലോകത്തിലുള്ള എല്ലാവർക്കും ഞാൻ എഴുതുന്നു. ക്രിസ്ത്യാനികൾ എന്ന നിലയ്ക്ക് 2 ദിനവൃത്താന്തം 7: 13-14ൽ പറയുന്നതുപോലെ വിശ്വാസത്തോടുകൂടിയ തീവ്രമായ പ്രാർത്ഥനയ്ക്ക് ഈ അന്ത്യകാലത്ത് നാം മടത്തു പോകരുത്. ദൈവം നമുക്ക് അനുകൂലമായതു ചെയ്യും. ദാവീദ് ഗോലിയാത്തുമായുള്ള യുദ്ധത്തിൽ ദൈവത്തിൽ ആശ്രയിച്ചത് ഓർക്കുക. മനുഷ്യന് അസാധ്യമായതൊക്കെയും ദൈവം ചെയ്യുമെന്ന് വിശ്വസിക്കുക.

ലോകം മുഴുവനുമുള്ള ക്രിസ്ത്യാനികളെ, കൊറോണാ വൈറസിന് എതിരായി പ്രാർത്ഥിക്കുവാൻ നമുക്ക് ദയവായി ഒരുമിക്കാം. ദൈവം നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി നൽകും. ദൈവം നമ്മുടെ രാജ്യത്തെ അനുഗ്രഹിക്കട്ടെ.

# നമ്മുടെ വിശ്വാസം എവിടെ?

സഹോ. ഇവാൻ എക് (കാൻസാസ്, യു.എസ്.എ)



ലോകം മുഴുവൻ വ്യാപിച്ച് നാം അഭിമുഖീകരിക്കുന്ന ഈ വ്യാധിയെക്കുറിച്ച് പല ആളുകൾക്കും ചോദ്യങ്ങൾ ഉണ്ട്. സൂക്ഷ്മതയുള്ള നല്ല പാഠങ്ങൾ ഉള്ളതിനാൽ ദൈവം നമ്മുടെ ആത്മാവിനെ അടിച്ചമർത്തുകയോ, ഭയത്താൽ പീഡിപ്പിക്കുകയോ ഇല്ല. അതിനാൽ "ഈ അനിശ്ചിതത്വത്തിന്റെ കാലത്ത് നാം എന്തു ചെയ്യും?" എന്ന് ഞാൻ ചോദിക്കുന്നു.

ഭയാനകമായ് സമയത്തെ അഭിമുഖീകരിച്ച ഭക്തന്മാരുടെ ധാരാളം ഉദാഹരണങ്ങൾ ബൈബിളിൽ ഉണ്ട്. ആ സമയങ്ങളിൽ സ്വർഗ്ഗത്തിലെ ദൈവത്തിൽ വിശ്വസിക്കുവാൻ അവർ പഠിച്ചു. ആ ഉദാഹരണങ്ങളിലേയ്ക്ക് തിരിഞ്ഞു നോക്കി ദൈവം അവരെ എങ്ങനെയാണ് സഹായിച്ചത് എന്ന് മനസ്സിലാക്കി, നാമും ഉയരത്തിലേയ്ക്ക് ധൈര്യത്തോടെ നോക്കേണ്ടതാകുന്നു.

എബ്രായർ 12-ാം അദ്ധ്യായത്തിൽ ചില നല്ല നിർദ്ദേശങ്ങൾ നമുക്ക് കാണാം. സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിടുവാൻ നമ്മോട് പറഞ്ഞിരിക്കുന്നു. അത് ആത്മീക വിജയത്തിന് നമ്മെ പ്രാപ്തരാക്കും. അങ്ങനെ നമുക്കു മുന്നിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുകയും വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുകയും ചെയ്യാം!

ദൈവത്തിൽ കൂടുതൽ ആശ്രയിക്കുവാൻ നമ്മുടെ ആത്മാക്കളെ ഉണർത്തുന്നതിന് ദൈവം ഈ വിപത്ത് ഉപയോഗിക്കും എന്ന് ഞാൻ മനസ്സിലാക്കുന്നു. സങ്കീർത്തനക്കാരൻ എഴുതിയത് "ഞാൻ ഭയപ്പെടുന്ന നാളിൽ നിന്നിൽ ആശ്രയിക്കും" (56:3). വീണ്ടും 27:8 ൽ "എന്റെ മുഖം അന്വേഷിക്കുവിൻ" എന്ന് നിങ്കൽ നിന്ന് കല്പന വന്നു എന്ന് എന്റെ ഹൃദയം പറയുന്നു; യഹോവേ ഞാൻ നിന്റെ മുഖം അന്വേഷിക്കുന്നു" എന്നാണ്.

വിശുദ്ധന്മാരെ ധൈര്യപ്പെട്ടിരിക്കുക! എന്റെ വീണ്ടെടുപ്പുകാരൻ ജീവിക്കുന്നു എന്ന് ഞാൻ അറിയുന്നു! നമ്മുടെ രക്ഷയുടെ നായകൻ ചെങ്കടലിൽ കൂടി വഴി തുറന്നവനാണ്! കുരുടന് കാഴ്ച നൽകിയതും മുടന്തനെ സന്തോഷത്താൽ തുള്ളിച്ചാടിച്ചതും അവിടുന്നാണ്! വലിയ വിശ്വാസത്താൽ അവിടുന്ന് മരിച്ചവരെ ജീവനിലേയ്ക്ക് മടക്കി കൊണ്ടുന്നു! ക്ഷോഭിച്ച കടൽ അവിടുത്തെ വാക്കിനാൽ ശാന്തമായി! പ്രതീക്ഷയറ്റ കുഷ്ഠരോഗികളെ അവിടുന്ന് സൗഖ്യമാക്കി! പാപികളോടും അനാഥരോടും അവിടുന്ന് മനസ്സലിഞ്ഞു! ജ്ഞാനികൾക്ക് അവിടുന്ന് ലളിതമായ ഉത്തരങ്ങളാൽ മറുപടി നൽകി! ലെഗിയോൻ ബാധിച്ച ഭൂതഗ്രസ്തനെ സ്വതന്ത്രനാക്കി സുബോധം നൽകി. അവിടുന്ന് നമ്മുടെ കോട്ടയും ഗോപുരവും ആകുന്നു! അവിടുന്ന് നമ്മുടെ നായകനും സഹോദരന്മാർ എന്ന് നമ്മെ വിളിക്കുവാൻ ലജ്ജിക്കുന്നുമില്ല. അവിടുന്ന് സഹോദരനെക്കാളും പറ്റുള്ള സ്നേഹിതനാണ് (സദൃശ്യവാക്യങ്ങൾ 18: 24). മരുഭൂമിയിൽ പിശാചിനോട് പൊരുതി അവിടുന്ന് ജയിച്ചു. അനേകർക്കു മറുവിലയായി അവിടുന്ന് ക്രൂശിൽ തന്റെ ജീവനെ നൽകി. അവിടുന്ന് മരണത്തെ ജയിച്ച് അതിന്റെ വിഷമുള്ള് തകർത്തു. അവിടുന്ന് മരിച്ചവനായി പാതാളത്തിൽ ഇറങ്ങി ജീവിക്കുന്നവനായി പുറത്തു വന്നു. അവിടുന്ന് ഉയർത്തെഴുന്നേറ്റു. അവിടുന്ന് നമ്മുടെ പോരാട്ടങ്ങൾ എല്ലാം നീക്കി. അവിടുന്ന് സമാധാന പ്രഭു ആണ്. ധന്യനായ ഏകാധിപതി അവിടുന്ന് മാത്രമാണ്. അവിടുന്ന് രാജാധിരാജാവും കർത്താധികർത്താവുമാണ്. ആൽഫയും ഒമേഗയും അവിടുന്നാണ്. അവിടുന്ന് എന്റെ രക്ഷകനാണ്.

തിരഞ്ഞെടുപ്പിന്റെ ഒരു സന്ദർഭത്തിലേയ്ക്ക് യോശുവയും യിസ്രായേൽമക്കളും വന്നുപ്പോൾ "ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും" എന്ന വ്യക്തമായ ഉത്തരമാണ് യോശുവ നൽകിയത് (യോശുവ 24: 15).

എന്റെ പ്രിയപ്പെട്ടവരെ ഞാൻ വിനീതമായി ചോദിക്കട്ടെ "നിങ്ങളുടെ വിശ്വാസം എവിടെ?"

ദൈവം നമ്മെ വിളിക്കുന്നു. ഈ സമയങ്ങളിൽ ആത്മാർത്ഥമായ ആത്മപരിശോധന നടത്തി; നാം വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്ന് നമ്മെ തന്നെ പരിശോധിക്കാം. ക്രിസ്തു ആകുന്ന പാറയിൽ നങ്കൂരം ഉറപ്പിച്ചവരാകുന്നുവോ നാം?

ധൈര്യമായിരിക്കുക!

നിങ്ങൾ ഓരോരുത്തരേയും ദൈവം അനുഗ്രഹിക്കട്ടെ!

# പ്രയാസകരമായ അനുഭവം

സഹോ. ഡബ്ല്യു. എസ്. വേദ (ഇന്ത്യ)



എനിക്ക് 65 വയസ് പ്രായവും, എന്റെ ക്രിസ്തീയ ജീവിതത്തിൽ പ്രയാസകരമായ ധാരാളം അനുഭവങ്ങളും അഭിമുഖീകരിച്ചിട്ടുണ്ട്. ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്ന കൊറോണ വൈറസ് രണ്ടു മാസമായി പല പാഠങ്ങളും ഞങ്ങളെ പഠിപ്പിച്ചു. "ഇത് യേശുവിന്റെ രണ്ടാമത്തെ വരവിന്റെ സമയവും അന്ത്യകാലവും ആണോ" എന്ന് ഞങ്ങൾ കർത്താവിനോട് പ്രാർത്ഥിച്ചു ചോദിച്ചു. ["ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവ് മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല" മത്തായി 24:36]

45 വർഷത്തെ ശുശ്രൂഷയിൽ ഞങ്ങൾക്ക് ഇതുവരേയും ഒരിക്കലും ഞായറാഴ്ച ആരാധന മുടങ്ങിയിട്ടില്ല, എന്നാൽ കഴിഞ്ഞ ഞായറാഴ്ച ഗവൺമെന്റിന്റെ ആജ്ഞ അനുസരിച്ച് ഞങ്ങൾക്ക് ആരാധന നടത്തുവാൻ കഴിഞ്ഞില്ല. അത് എന്റെ ഹൃദയത്തെ വേദനിപ്പിച്ചു.

എന്റെ പ്രിയ വിശുദ്ധന്മാരെ ദയവു ചെയ്തു ഇന്ത്യയ്ക്കുവേണ്ടി പ്രാർത്ഥിക്കുക. ലോകം മുഴുവനുള്ള സ്ഥിതി ഓർത്തു ഞങ്ങൾ പ്രാർത്ഥിക്കുന്നു. നമ്മുടെ ദൈവം സർവ്വശക്തനാണ്. തന്റെ മക്കൾക്കുവേണ്ടി അവിടുന്ന് അത്ഭുതങ്ങൾ പ്രവർത്തിക്കും. ആമേൻ.

# "മാഗോർ മിസ്സാബീബ്":സർവ്വത്ര ഭീതി

### സഹോ. ജോൺ വർഗ്ഗീസ്സ് (ഇന്ത്യ)



യിരെമ്യാവ് 20: 1-3 വരെ വായിക്കുന്നത്, "എന്നാൽ യിരെമ്യാവ് ഈ കാര്യങ്ങളെ പ്രവചിക്കുന്നത് ഇമ്മോരിന്റെ മകനും യഹോവയുടെ ആലയത്തിനു പ്രധാന വിചാരകനുമായ പശ്ഹൂർ പുരോഹിതൻ കേട്ടിട്ട് യിരെമ്യാ പ്രവാചകനെ അടിച്ചു. യഹോവയുടെ ആലയത്തിനരികെയുള്ള മേലത്തെ ബെന്യാമീൻ ഗോത്ര ഗോപുരത്തിങ്കലെ ആമത്തിൽ ഇട്ടു. പിറ്റെന്നാൾ പശ്ഹൂർ യിരെമ്യാവെ ആമത്തിൽ നിന്നു വിട്ടപ്പോൾ യിരെമ്യാവ് അവനോട് പറഞ്ഞത് യഹോവ നിനക്ക് പശ്ഹൂർ എന്നല്ല മാഗോർ മിസ്സാബിബ് (സർവ്വത്രഭീതി) എന്നത്രേ പേര് വിളിച്ചിരിക്കുന്നത്" എന്നാണ്.

ലോകം മുഴുവൻ കോവിഡ്-19 ഭീതിയിലാണ്. അത് അനേകായിരങ്ങളുടെ അമൂല്യമായ ജീവനെ കവരുകയും ധാരാളം ആളുകളെ വ്യാധിയിലേയ്ക്കും കഷ്ടപ്പാടിലേയ്ക്കും കടത്തിവിട്ടു. സർക്കാർ അധികാരികളും ഭരണാധിപന്മാരും ഈ വൈറസിൽ നിന്ന് ജനത്തെ സംരക്ഷിക്കുവാൻ അടിയന്തിരമായ അതിജീവനെ നടപടികൾ സ്വീകരിച്ചു. ദൈവം മോശെ മുഖാന്തരം മിസ്രയീമിൽ ബാധകൾ അയച്ചപ്പോൾ ഫറവോന്റെ മന്ത്രവാദികൾ മോശെയെ അനുകരിക്കുവാനും ബാധകൾ തരണം ചെയ്യുവാനും നന്നായി പരിശ്രമിച്ചു, പക്ഷേ, അവർ പരാജയപ്പെട്ടു, അവസാനം "ഇത്, ദൈവത്തിന്റെ വിരൽ ആകുന്നു" എന്ന് അവർ പറഞ്ഞു (പുറപ്പാട് 8:19). നോഹയുടെ കാലത്ത് ദുഷ്ടത വർദ്ധിച്ചതായി കണ്ടപ്പോൾ ഒരു പ്രളയത്താൽ ഭൂമിയെ നശിപ്പിക്കുവാൻ ദൈവം തീരുമാനിച്ചു (ഉല്പത്തി 6: 56). യെഹസ്ക്കേലിന്റെ പ്രവചന പ്രകാരം സോദോമിന്റെ പാപങ്ങൾ സ്വവർഗ്ഗ രതിക്കു പുറമെ ഗർവ്വവും, തീൻപുളപ്പും, നിർഭയ സ്വൈരവാസവും ആയിരുന്നു (യെഹെസ്കേൽ 16: 49). ലൂക്കോസിന്റെ സുവിശേഷം 17: 26-30 വാക്യങ്ങൾ നോഹയുടെയും ലോത്തിന്റെയും കാലം പോലെ മനുഷ്യപുത്രന്റെ നാളിലും സംഭവിക്കും എന്നാണ് പറയുന്നത്.

തുർച്ചയായ ബാധ നിമിത്തം, ഫറവോൻ തന്റെ ഹൃദയം കഠിനമാക്കുകയും നശിച്ചു പോകുകയും ചെയ്തു. ഹൃദയത്തെ കഠിനമാക്കുന്നതിനു പകരം ലോകം മുഴുവൻ മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്ക് തിരിയട്ടെ, വൈറസിൽ നിന്നുള്ള മോചനത്തിനു മാത്രമല്ല പാപത്തിന്റെ ശിക്ഷയിൽ നിന്നുള്ള വിടുതലിനും ദൈവത്തിന്റെ കരുണയുടെ കരം മാനവരാശിയുടെ മേൽ നീട്ടുന്നതുവരെയും നമുക്ക് പ്രാർത്ഥിക്കാം. നാം നമ്മെ തന്നെ വിധിച്ചുകൊണ്ട് സമയത്തെ വിവേചിക്കുകയും പ്രാണനെ കാക്കുകയും ചെയ്യാം. നമ്മുടെ കർത്താവിന്റെ ന്യായവിധിക്കായുള്ള മടങ്ങി വരവ് സമീപമാണ്.

# വിശ്വാസിക്ക ഭയം വേണ്ട

# നിങ്ങൾ ഭൂമിയുടെ ഉപ്പ് ആകുന്നു.

### സഹോ. പോൾ ഫിലിപ്പ്സ് (കാലിഫോർണിയ യു.എസ്.എ)



"നിങ്ങൾ ഭൂമിയുടെ ഉപ്പ് ആകുന്നു..." ആനുകാലികവും ലോക വ്യാപകവുമായ ഈ സംഭവത്തെക്കുറിച്ച് നിങ്ങൾ എത്രപേർ ചിന്തിച്ചിട്ടുണ്ട്? നിങ്ങളുടെ മനസ്സിലേയ്ക്ക് അത് എന്താണ് കൊണ്ടു വരുന്നത്? എനിക്കു ചുറ്റുമുള്ള ആളുകളുടെ പ്രതികരണം ഞാൻ നിരീക്ഷിച്ചു. ചിലരുടെ പ്രതികരണം ഭയത്തിൽ നിന്നാണ്. ചിലർ ന്യായീകരിക്കുന്നു. ക്രിസ്ത്യാനികളെ, നിങ്ങളുടെ പ്രതികരണം എന്താണ്? അത് സമാധാനത്തിൽ ഉൾപ്പെട്ട ഒന്നാണോ? നിങ്ങളിൽ ഒരു ശാന്തത ഉണ്ടോ? നമ്മൾ ഒരു അനുഗ്രഹം ആയിരിക്കണം; നമ്മുടെ ജീവിതം, ഈ ലോകം പൂർണ്ണമായി മലിനപ്പെടാതെ അതിനെ സേവിക്കുവാനും സൂക്ഷിക്കുവാനും ആണ്.

ഞാൻ കണ്ടതിന്റെ അടിസ്ഥാനത്തിൽ ചിന്തിച്ച് ഉപസംഹരിച്ചാൽ ഇത് ഭയപ്പെടുവാനുള്ള സമയം അല്ല. ഇത് വളരുന്നതിനുള്ള സമയം ആകുന്നു. യഥാർത്ഥ രക്ഷയുടെ മൂല്യം മനസ്സിലാക്കി, നാശത്തിന്റെ ഭീതിയെ പുറത്താക്കി ദൈവസ്നേഹത്തിലുള്ള സമാധാനം കൈമാറുവാനുള്ള സമയമാണ് ഇത്. നമുക്ക് ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നൽകിയിട്ടുണ്ട്. " നിങ്ങളോട് പറഞ്ഞതിനും അപ്പുറം എന്താണ് അവിടുത്തേയ്ക്ക് കൂടുതലായി പറയുവാൻ ഉള്ളത്...." അവിടുത്തെ വാക്കുകൾ ശ്രദ്ധിക്കുക!. നിങ്ങളുടെ വിശ്വാസം എവിടെ? ഏത് അടിസ്ഥാനത്തിന്മേൽ നിങ്ങൾ പറിയപ്പെട്ടിരിക്കുന്നു? കൊടുങ്കാറ്റുകളുടെ മദ്ധ്യത്തിൽ നമുക്ക് എന്ത് ഉണ്ട് എന്നും, എന്ത് ഇല്ല എന്നും കാണുവാൻ കഴിയും. ദൈവത്തോടുകൂടെ നിന്നുകൊണ്ട് അകമേ നമുക്ക് എന്ത് ഉണ്ട് എന്ന് കാണിക്കുവാൻ നാം അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു! അവിടുത്തെ വചനത്തിന്റെ വെളിച്ചത്തിൽ നില്ക്കുന്നത് ശ്രേഷ്ടമായ ഒരു കാര്യം അല്ലേ?

എന്റെ വ്യക്തിപരമായ പരിശോധനയിൽ ഓർക്കുവാനും മറ്റുള്ളവരെ ചൂണ്ടികാണിക്കുവാനും കുറിക്കപ്പെട്ട ഒരു വാഗ്ദത്തം സർവ്വശക്തനായ ദൈവത്തിൽ നിന്നും ഉണ്ട്. "യഹോവയായ ദൈവം സൂര്യനും പരിചയും ആകുന്നു; യഹോവ കൃപയും മഹത്വവും നൽകുന്നു; നേരോടെ നടക്കുന്നവർക്ക് അവൻ ഒരു നന്മയും മുടക്കുകയില്ല. സൈന്യങ്ങളുടെ യഹോവേ നിന്നിൽ ആശ്രയിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ" (സങ്കീ. 84: 11-12)

# സാമൂഹിക അകലമോ, ആത്മീക ബന്ധമോ?

Printed matter only
MALAYALAM EDITION



തുടർച്ചയായി ഉപയോഗിക്കുന്ന ഒരു പദമാണ് "സാമൂഹിക അകലം" അത് വൈറസ് പടരാതിരിക്കുവാൻ മന:പൂർവ്വം മറ്റുള്ളവരുമായുള്ള അകലം (6 അടി) സൂക്ഷിക്കുന്നതാണ്. വലിയ ആൾകൂട്ടം ഒഴിവാക്കുന്നതിന് ഗവൺമെന്റ് സ്കൂളുകളും സ്ഥാപനങ്ങളുമെല്ലാം അടച്ചു പൂട്ടുന്നത് അതിൽ ഉൾപ്പെടുന്നു. അതിന്റെ ഫലമായി സാമൂഹികമായ സമ്പർക്കമോ കൂട്ടായ്മയോ, മറ്റുള്ളവരുടെ ആശ്രയമോ ഇല്ലാതെ വീടുകളിൽ കഴിയുന്നു. ഇത് **"ആത്മീക ബന്ധത്തിന്" യോജിച്ച സമയം** ആണ്. ആദ്യമായി ഈ അവസരം ഉപയോഗിച്ച് ക്രിസ്തുവുമായി കൂടുതൽ അടുത്തുവന്ന് ദൈവവുമായുള്ള നിങ്ങളുടെ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുക. രണ്ടാമത് വ്യക്തിപരമായി നിങ്ങൾക്ക് ആരുടെയെങ്കിലും അടുത്തു ചെല്ലുവാൻ കഴിയുന്നില്ലെങ്കിൽ അവരുമായി നല്ല സ്നേഹിതരായിരിക്കുക. നവ മാദ്ധ്യമങ്ങളിൽ കൂടി ദിവസവും അവരുമായി സന്ദേശങ്ങൾ കൈമാറുകയും ഫോൺ വിളിക്കുകയും ചെയ്തുകൊണ്ട് ക്രിസ്തുവുമായുള്ള അവരുടെ ബന്ധത്തെ വർദ്ധിപ്പിക്കുവാനും മറ്റുള്ളവർക്ക് ക്രിസ്തുവിനെ കാണിച്ചു കൊടുക്കുവാനും കഴിയും. ഏകാന്തതയിലും, മാറ്റി പാർപ്പിച്ചിരിക്കുന്നവരും, ഭയത്തിലും ആയിരിക്കുന്ന ധാരാളം ആളുകൾ ഉണ്ട്. ഗവൺമെന്റ് സാമൂഹിക അകലത്തിന് ആഹ്വാനം നല്കുമ്പോൾ ദൈവം ആത്മീക ബന്ധത്തിന് ആഹ്വാനം നൽകുന്നു. ആരുടെയെങ്കിലും ജീവിതത്തിൽ ഒരു വ്യത്യാസം വരുത്തുവാൻ നിങ്ങൾക്ക് ഇന്നു കഴിയും.

- MWS

if Undelivered
Please return to:

***Contact:***
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.

ദൈവ നാമം മഹത്വപ്പെടട്ടെ.

തക്കസമയത്ത് പറഞ്ഞ വാക്ക്

## ചുരുട്ടിയ വസ്ത്രം

### സഹോ. എഡ് വിൽസൺ (ഒക്ലഹോമ, യു.എസ്.എ.)



യോഹന്നാന്റെ സുവിശേഷം 20: 6-8 വാക്യങ്ങൾ യേശുവിന്റെ പുനരുത്ഥാന ചരിത്രം നമ്മോട് പറയുന്നത് "പിന്നാലെ ശീമോൻ പത്രോസും വന്ന് കല്ലറയിൽ കടന്നു. ശീലകൾ കിടക്കുന്നതും അവന്റെ തലയിൽ ചുറ്റിയിരുന്ന റൂമാൽ ശീലകളോടു കൂടെ കിടക്കാതെ വേറിട്ട് ഒരിടത്തു ചുരുട്ടി വച്ചിരിക്കുന്നതും കണ്ടു. യോഹന്നാൻ അകത്ത് കടന്ന് അത് കണ്ട് വിശ്വസിച്ചു." യോഹന്നാൻ ശൂന്യമായ കല്ലറയിൽ കടന്നപ്പോൾ ശീലകൾ കിടക്കുന്നതും തലയിൽ ചുറ്റിയിരുന്ന റൂമാൽ ചുരുട്ടി വച്ചിരിക്കുന്നതും കണ്ടു. ഒരു നിമിഷം മിന്നിമറഞ്ഞ ചിന്തുടെ പ്രഭയിൽ യേശു, വളരെ നിശബ്ദമായി അവർക്ക് നല്കിയിട്ടുപോയ സന്ദേശം അവനു മനസ്സിലായി: അവിടുത്തെ ശരീരം ധൃതിപ്പെട്ട് ആരും നീക്കിയതല്ല. അത് വൈരികളുടെ കരത്തിന്റെ പ്രവർത്തിയുമല്ല, മരണത്തിലും തന്റെ പ്രിയനായവന്റെ അടുത്തുചെന്നപ്പോൾ നൽകിയ സ്വാന്തനത്തിന്റെ വാക്കുകളാണ്. സ്നേഹിതന്മാരുടെ പ്രവർത്തി ആയിരുന്നില്ല, കാരണം തന്റെ പ്രിയപ്പെട്ടവന്റെ ശരീരം നഗ്നമായി കൊണ്ടു പോയിട്ട് അനാദരവ് കാണിക്കുകയില്ല. അല്ല, നശ്വരമായ ലോക ജീവിതത്തിന്റെ അവസാന നിമിഷങ്ങളിൽ അവർ കണ്ട ആ മനുഷ്യൻ തീർച്ചയായും അത് സ്വയം ചെയ്തതാണ് എന്ന് ലാസർ, കല്ലറയിൽ നിന്ന് കെട്ടപ്പെട്ടവനായി പുറത്തു വരുകയും അവന്റെ കെട്ടുകൾ അഴിക്കുവാൻ കൊടുത്ത നിർദ്ദേശത്തിൽ നിന്നും അവൻ മനസ്സിലാക്കി.



സുബോധം നഷ്ടപ്പെട്ടവനെപ്പോലെ അവൻ പോയില്ല, ബോധമുള്ളവനായി, ആപത്ത് മനസ്സിലാക്കി അവിടെ നിന്നും പോയി. ശാന്തമായി, ആലോചന പൂർവ്വം മരണത്തിന്മേലുള്ള അവിടുത്തെ ദൈവീക മഹത്വത്തിൽ പടയാളികൾക്കോ പരീശന്മാർക്കോ ഉത്കണ്ഠയില്ലാതെ എല്ലാം ക്രമത്തിലാക്കി അവിടുന്ന് ഉയർത്തെഴുന്നേറ്റു. യോഹന്നാന് ചുരുട്ടി വച്ചിരുന്ന വസ്ത്രം പെട്ടെന്ന് മനസ്സിലാക്കി കൊടുത്തത് സംഗ്രഹിച്ചിരിക്കുന്നതു "കണ്ട് വിശ്വസിച്ചു" എന്നാണ്. ഇത് വിശ്വാസത്തിന്റെ ചുവടുകൾ നീട്ടി ചവിട്ടുവാൻ അവനെ സഹായിക്കുകയും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് എനിക്കും നിങ്ങൾക്കും പ്രയോജനമാക്കുവാൻ രേഖപ്പെടുത്തുകയും ചെയ്തു.

Chief Editor **Michael W. Smith** | Malayalam Editor: **Mathew Joseph** | Asst. Editor **Baby Mathew** | Publisher: **Biju J. Varghese**